പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 571

27/02/2018 - ൽ മറുപടിക്ക്

## സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| എ) | സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദാംശം ലഭ്യമാക്കാമോ; | എ) | സ്വീകരിച്ച നടപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | സഹകരണ വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | ബി) | സഹകരണ വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് യഥാസമയം റിപ്പോർട്ട് ചെയ്യുകയും, നിയമനം നൽകുകയും ചെയ്തു വരുന്നു. |
| സി) | കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | സി) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയിൽ നിലവിൽ 59 ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നിയമാനുസൃതമുള്ള റേഷ്യോ പ്രകാരം നടപടികൾ സ്വീകരിച്ച വരുന്നു. |
| ഡി) | നിലവിൽ സഹകരണ വകുപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിററ്) എന്നീ വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ; ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | ഡി) | നിലവിൽ സഹകരണ വകുപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) എന്നീ വിഭാഗത്തിൽ 6 ഒഴിവുകൾ നിലവിലുണ്ട്. സെലക്ട് ലിസ്റ്റ് നിലവിലില്ല. സെലക്ട് ലിസ്റ്റ് തയ്യാറാവുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. സംസ്ഥനത്ത് സഹകരണ മേഖലയിലെ ത്രിതല സംവിധാനം, 2 തല സംവിധാനമാക്കുന്നതിനായി ജില്ലാ ബാങ്ക് സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ച് കേരളാ ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
2. സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതി പ്രാഥമിക കാർഷിക ബാങ്കിലൂടെ വിതരണ ചെയ്തു വരുന്നു.
3. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതിക്കു പിന്തുണ നൽകി ഹരിത സഹകരണം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി
4. സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പന വില പിടിച്ചു നിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിനും ഇതുവഴി **680** അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് **25** രൂപാ നിരക്കിൽ പൊതുവിപണിയിൽ വിൽപ്പന നടത്തുവാനും സാധിച്ചു.
5. സഹകരണ സംഘങ്ങളുടെ /ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ /ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് **2017** ഫെബ്രുവരി മുതൽ മാർച്ച് **31** വരെ സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശികനിവാരണ പദ്ധതി നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി **2017** നടപ്പിലാക്കി. **2018** ഫെബ്രുവരി **1** മുതൽ മാർച്ച് **31** വരെ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.
6. ഓഹരി മൂലധനം വായ്പാ സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും /കൺസ്യൂമർഫെഡിനെയും, നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
7. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവത്ക്കരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി വരുന്നു.
8. കേരള എസ്.സി/എസ്.ടി ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റുകൾ ലഭിച്ച ആയുർവേദ മരുന്നുകളുടെ ഉത്പാദനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.
9. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി/എസ്.ടി സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം അനുവദിച്ച് അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
10. സംസ്ഥാനത്തെ പാവപ്പെട്ട ജന വിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃക സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു കൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നു.
11. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ് ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.

12. കേപ്പ് ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായം നൽകിആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതിയ്ക്കായി പ്രൊഫഷണൽ വിദ്യാഭ്യാസ ബില്ലിൽ നിന്നും കേപ്പിന്റെ ഭൗതിക സാഹചര്യ വികസനത്തിനായി **23.6** കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്.
13. കാർഷിക ഉത്പാദനംവർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നല്കി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.
14. കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു കൊണ്ട് അതിനെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.
15. സംയോജിത സഹകരണ വികസനം (ഐ.സി.ഡി.പി) ലക്ഷ്യമാക്കിയുള്ള ഐ.സി.ഡി.സി ധനസഹായം ലഭ്യമാക്കി തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ രണ്ടാം ഘട്ട പ്രവർത്തനം നടപ്പിലാക്കി വരുന്നു.
16. റെയ്ഡ്കോ മുഖേന ഏറെ ഗുണകരമാകും വിധം മിനി അഗ്രോബസാറുകൾ അഗ്രി ബസാറുകൾ അഗ്രി ബിസിനസ്സ് സെന്ററുകൾ എന്നിവ തുടങ്ങുന്നതിനായി റെയ്ഡ്കോയ്ക്ക് **15** കോടി രൂപ എൻ.സി.ഡി.സി ധനസഹായം അനുവദിച്ചിട്ടുണ്ട്.
17. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ-ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം, ആർ.ടി.ജി.എസ്, നെറ്റ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
18. സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ കശുവണ്ടി വികസന കോർപ്പറേഷന്റെ അഭ്യർത്ഥനയനുസരിച്ച് വിവിധ ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരണം കശുവണ്ടി വികസന കോർപ്പറേഷനു നൽകുന്നതിന് പ്രാഥമികസഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
19. അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് അനെർട്ടുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താവിന്റെ വിഹിതം വായ്പയായി നല്കുന്നതിന് പ്രാഥമിക ബാങ്കുകളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
20. കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ് പൊതു വിപണിയിൽ ലഭ്യമാക്കുന്നതിന് അതുവഴി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ് ലിമിറ്റഡിന്റെ ഉൽപ്പന്നമായ മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുന്നതിനും ടി സ്ഥാപനത്തിന്റെ അഭ്യർത്ഥന പ്രകാരം സഹകരണ സംഘങ്ങളെ മലബാർ സിമന്റ്സിന്റെ ഡീലർമാരായും, സ്റ്റോക്കിസ്റ്റുകളായും ഏർപ്പെടുത്തുന്നതിനു മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
21. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

22. കൺസ്യൂമർഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ **2000** നീതി സ്റ്റോറുകളും, **1500** നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നഷ്ടത്തിനും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ നിർത്തലാക്കാൻ ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി ക്രമീകരിക്കുകയും അധികമുള്ളവരെ പുനർവിന്യസിപ്പിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സബ്സിഡി ഇനത്തിൽ നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ **50** കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ **2016** റംസാൻ വിപണിയ്ക്ക് **5** കോടിയും **2017** ഓണം വിപണിക്ക് **40** കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

23. സഹകരണ സംഘങ്ങൾ മുഖേന സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, കമ്മ്യൂണിറ്റി കിച്ചൻ എന്നിവ നിർമ്മിച്ചു കൊടുക്കുന്ന പദ്ധതികളും പ്രാരംഭ ഘട്ടത്തിലാണ്.

✓

സെക്ഷൻ ഓഫീസർ